എ.വൈ.ആർ

സൂറ-12

# യൂസുഫ്

## ആമുഖം

**ഈ** സൂറക്ക് 'യൂസുഫ്' എന്ന് നാമകരണം ചെയ്യപ്പെട്ടത് ഇതിലെ മുഖ്യ പ്രമേയം യൂസുഫ് നബി(അ)യുടെ ചരിത്രമായതുകൊണ്ടാണ്. ഖുർആനിൽ മറ്റൊരു പ്രവാചകന്റെയും ചരിത്രം ഒരിടത്ത് ഒരുമിച്ച് ഇത്ര ദീർഘമായി പ്രതിപാദിക്കുന്നില്ല. മുഹമ്മദ് നബി(സ)യുടെ മക്കാ ജീവിതത്തിന്റെ അവസാന ഘട്ടത്തിലാണ് ഈ സൂറയുടെ അവതരണമെന്ന് ഉള്ളടക്കത്തിന്റെ സ്വഭാവത്തിൽനിന്ന് പൊതുവിൽ മനസ്സിലാക്കപ്പെടുന്നു. ഖുറൈശികൾ മുസ്‌ലിംകൾക്കെതിരെ മർദനത്തിന് മൂർച്ച കൂട്ടുകയും നബി(സ)യെ ശാരീരികമായി ഇല്ലാതാക്കുകയോ നാടുകടത്തുകയോ ചെയ്യുന്നതിനെക്കുറിച്ച് ഗൗരവപൂർവം ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന കാലമായിരുന്നു അത്.

ശിഷ്യന്മാർ പ്രവാചകനോട് കഥ പറയാനാവശ്യപ്പെട്ടപ്പോൾ ഈ സൂറ അവതരിച്ചുവെന്ന് ചില നിവേദനങ്ങളിൽ കാണുന്നുണ്ട്. എന്നാൽ ഇസ്രാഈല്യർ ഈജിപ്തിൽ കുടിയേറാനുണ്ടായ കാരണം വിശദീകരിച്ചുതരേണമെന്ന് മക്കയിലെ അവിശ്വാസികൾ നബി(സ)യോട് ആവശ്യപ്പെട്ടതിനെത്തുടർന്നാണ് ഈ സൂറ അവതരിച്ചതെന്ന് പ്രബലമായ ഒരഭിപ്രായമുണ്ട്. ഇതിലെ ആദ്യത്തെ മൂന്ന് സൂക്തങ്ങൾ മദീനയിൽ അവതരിച്ചതാണെന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും ഭൂരിപക്ഷം പണ്ഡിതന്മാരും അതിനെ അടിസ്ഥാനരഹിതമെന്ന് വിലയിരുത്തി തള്ളിക്കളഞ്ഞിരിക്കുന്നു. സൂറ പൂർണമായും മക്കയിൽ അവതരിച്ചതായി കണക്കാക്കാനേ ന്യായമുള്ളൂ എന്നാണവരുടെ പക്ഷം. ഇസ്രാഈല്യരുടെ ഈജിപ്ഷ്യൻ കുടിയേറ്റത്തെക്കുറിച്ച് മുഹമ്മദ് നബി(സ)യോടു ചോദിക്കാൻ യഹൂദർ ഖുറൈശികളെ പ്രേരിപ്പിക്കുകയായിരുന്നുവെന്ന് പറയപ്പെടുന്നുണ്ട്. അതിന്റെ പശ്ചാത്തലമിതാണ്: മൂസാ, ദാവൂദ്,സുലൈമാൻ, ഈസാ തുടങ്ങിയ പ്രവാചകന്മാരെക്കുറിച്ച് വേദക്കാരുടെ കഥകളിലൂടെ അറബികൾ സാമാന്യമായി മനസ്സിലാക്കിയിരുന്നു. യൂസുഫ് നബിയുടെ ചരിത്രം അവർക്ക് തികച്ചും അജ്ഞാതമായിരുന്നു. പ്രവാചകൻ(സ) ഇസ്രയേലീ പ്രവാചകന്മാരുടെ ചരിത്രങ്ങൾ ഉദ്ധരിക്കുന്നത് വേദക്കാരിൽനിന്ന് കേട്ടുപഠിച്ചിട്ടാണെന്നും അല്ലാതെ ദൈവം ദിവ്യബോധനം വഴി പഠിപ്പിച്ചിട്ടല്ലെന്നുമായിരുന്നു അവിശ്വാസികളുടെ നിലപാട്. വേദക്കാരായ യഹൂദർ ഈ നിലപാടിനെ ശരിവെക്കുകയും ചെയ്തിരുന്നു. പക്ഷേ ഇത്തരം ചരിത്രകഥനങ്ങളെക്കുറിച്ച് അതെല്ലാം അല്ലാഹു ദിവ്യബോധനത്തിലൂടെ അറിയിച്ചതാണെന്ന് ഖുർആൻ ആവർത്തിച്ചു പറയുന്നുണ്ട്. ഉദാ: സൂറ *ആലു ഇംറാൻ* 44-ാം സൂക്തത്തിൽ ذَٰلِكَ مِنْ أَنۢبَآءِ ٱلْغَيْبِ نُوحِيهِ إِلَيْكَ എന്നും ഈ സൂറയിലെ 102-ാം സൂക്തത്തിൽ تِلْكَ مِنْ أَنۢبَآءِ ٱلْغَيْبِ نُوحِيهِ إِلَيْكَ (നാം നിനക്ക് ദിവ്യബോധനം നൽകുന്ന അജ്ഞാത വർത്തമാനങ്ങളിതെല്ലാം എന്നാണ് രണ്ട് വാക്യങ്ങളുടെയും സാരം) പ്രസ്താവിച്ചിരിക്കുന്നു. ഖുർആന്റെ ഈ അവകാശവാദം പൊളിക്കാനും അങ്ങനെ മുഹമ്മദി(റ)ന്റെ പ്രവാചകത്വത്തെ തള്ളിക്കളയാനുമുള്ള ഒരു മാർഗമായി യഹൂദർ ഖുറൈശികളെ ഉപദേശിക്കുകയായിരുന്നു. മുഹമ്മദ് ഇതുവരെ പറഞ്ഞ കഥകളെല്ലാം ഞങ്ങളുടെ സമുദായത്തിലും അതുവഴി നിങ്ങൾക്കിടയിലും കുറെ പ്രചരിച്ചിട്ടുള്ളതാണ്. ഇതൊക്കെ അല്ലാഹു അയാളെ പഠിപ്പിക്കുന്നതാണെന്ന വാദം പൊളിക്കാൻ നിങ്ങൾ ഒരു കാര്യം ചെയ്യുക. ഞങ്ങൾക്കിടയിൽ ഏറെ പ്രചാരത്തിലില്ലാത്തതും അറബികൾക്ക് തീരെ അജ്ഞാതവുമായ ചരിത്രത്തെക്കുറിച്ച് അയാളോട് ചോദിച്ചു നോക്കുക. അത് യൂസുഫ് പ്രവാചകനെയും അദ്ദേഹത്തിന്റെ കാലത്ത് ഞങ്ങളുടെ പൂർവികർ ഈജിപ്തിൽ കുടിയേറിയതിനെയും കുറിച്ചാവട്ടെ. അതേക്കുറിച്ച് പറയാൻ അയാൾക്ക് കുറച്ചു നാൾ അന്വേഷിച്ചു നടക്കേണ്ടിവരും. അല്ലെങ്കിൽ കളവ് പറയേണ്ടിവരും. അതുമല്ലെങ്കിൽ തന്റെ അജ്ഞത തുറന്നു സമ്മതിക്കുകയേ നിവൃത്തിയുണ്ടാകൂ. ഈ മൂന്നിൽ ഏതവലംബിച്ചാലും താൻ ദൈവത്തിന്റെ പ്രവാചകനാണെന്നും ദൈവം നേരിട്ട് തനിക്ക് ജ്ഞാനം പകർന്നുകൊണ്ടിരിക്കുന്നു എന്നുമുള്ള അയാളുടെ വാദം പൊളിയും. ഈ ഉപദേശമനുസരിച്ച് പ്രവാചകന്റെ മുമ്പിൽ ചോദ്യമുന്നയിച്ച അവിശ്വാസികൾക്ക് കനത്ത തിരിച്ചടിയാണേറ്റത്. താമസംവിനാ യൂസുഫ് നബിയുടെ ചരിത്രം നബിയുടെ നാവിലൂടെ മനോഹരമായ ഖുർആൻ സൂക്തങ്ങളായി വാർന്നു വീഴുകയായിരുന്നു. ഈ സൽകഥകൾ അല്ലാഹു പ്രവാചകന് ദിവ്യബോധനം ചെയ്യുന്ന ഖുർആനാണെന്ന് മൂന്നാം സൂക്തത്തിൽ ഊന്നിപ്പറയുന്നുമുണ്ട്.

ഇബ്റാഹീം നബിയുടെ പുത്രൻ ഇസ്ഹാഖ് നബിയുടെ പുത്രൻ യഅ്ഖൂബ് നബിയുടെ പുത്രനാണ് യൂസുഫ് നബി. ബി.സി 18-17 നൂറ്റാണ്ടുകളിലായിട്ടാണ് അദ്ദേഹം ജീവിച്ചതെന്നാണ് ചരിത്രകാരന്മാരുടെ നിഗമനം. യഅ്ഖൂബ് നബി വസിച്ചിരുന്നത് ഫലസ്ത്വീനിലെ ഹിബ്രോൺ (ഇന്നത്തെ അൽ ഖൈൽ) എന്ന സ്ഥലത്തായിരുന്നു. കൃഷിയും കാലിവളർത്തലും നായാട്ടുമായിരുന്നു അവരുടെ മുഖ്യ ജീവിതോപാധികൾ. സംസ്കൃതരായിരുന്നുവെങ്കിലും അവർ നാഗരികരായിരുന്നില്ല. യൂസുഫ് നബിക്കൊപ്പം ഈജിപ്തിൽ കുടിയേറിയ ശേഷമാണ് ഇസ്രാഈല്യർ നാഗരിക ജനതയായിത്തീർന്നത്. ആ നിലക്ക് ഇസ്രയേലീ ചരിത്രത്തിൽ ഒരു മഹാ വിപ്ലവം തന്നെയായിരുന്നു ഈ കുടിയേറ്റം. യഅ്ഖൂബ് നബിയുടെ മറ്റൊരു പേരാണ് ഇസ്രാഈൽ. ദൈവഭക്തൻ എന്നാണത്രെ അതിനർഥം. യഅ്ഖൂബ് നബി മഹാ ദൈവസ്നേഹിയും ഭക്തനുമായിരുന്നതിനാലാണ് ഈ അപരാഭിധാനം ലഭിച്ചത്. പിന്നീട് യഹൂദർ അതവരുടെ വംശനാമമായി സ്വീകരിച്ചു. യഅ്ഖൂബ് നബിക്ക് നാല് ഭാര്യമാരിലായി പന്ത്രണ്ട് പുത്രന്മാരുണ്ടായിരുന്നു. അവരിൽ റൂബേൻ, ശിമയോൻ, ലേവി, യഹൂദ, ഇസ്സാകാർ, സെബൂ

ലൂൻ, ബെൻയാമിൻ, യൂസുഫ്, ദാൻ, നെഫ്താലി ഗാദ്, ആശേർ എന്നിങ്ങനെ ബൈബിൾ അവരുടെ പേരുകൾ പറഞ്ഞിട്ടുണ്ട്. ഇവർക്ക് ഏതാനും സഹോദരിമാരും ഉണ്ടായിരുന്നതായി പറയപ്പെടുന്നു. പുത്രന്മാരിൽ യൂസുഫും ബിൻ യാമീനും ഒരു ഭാര്യയിലും ബാക്കി പത്തു പേർ മറ്റു ഭാര്യമാരിലുമാണ് ജനിച്ചത്. യഅ്ഖൂബ് നബിയുടെ ഈ പുത്രന്മാരുടെ സന്തതികളാണ് പിന്നീട് 12 ഇസ്രയേലീ ഗോത്രങ്ങളായി വളർന്നത്.

ഈ സൂറ പരാമർശിക്കുന്ന ആദ്യ സംഭവങ്ങൾ യൂസുഫ് നബിയുടെ കൗമാരദശയിൽ, ബി.സി 1890ന് അടുത്ത കാലത്താണ് നടന്നതെന്ന് ചരിത്ര പണ്ഡിതന്മാർ അനുമാനിക്കുന്നു. യൂസുഫ്(അ) സ്വസഹോദരന്മാരാൽ എറിയപ്പെട്ടത് ശേഖേമിനു വടക്ക് സ്ഥിതി ചെയ്യുന്ന ദൂഥാനിന് സമീപത്തുള്ള ഒരു കിണറ്റിലാണെന്ന് ബൈബിളും തൽമൂദും വ്യക്തമാക്കുന്നു. കിഴക്കൻ ജോർദാനിലെ ഗിലേയാദിൽനിന്ന് ഈജിപ്തിലേക്ക് പോവുകയായിരുന്ന കച്ചവട സംഘമാണ് അദ്ദേഹത്തെ കിണറ്റിൽനിന്ന് കണ്ടെടുത്തത്. പൊതു ചരിത്രകാരന്മാർ ഇടയ രാജാക്കന്മാർ എന്നും അറബി ചരിത്രകാരന്മാർ അമാലിഖഃ എന്നും വിളിക്കുന്ന രാജവംശമായിരുന്നു അന്ന് ഈജിപ്ത് ഭരിച്ചിരുന്നത്. ഈജിപ്തിലെ ആഭ്യന്തര കലഹം മുതലെടുത്ത് അറബി വംശജരായ അമാലിഖഃ അവിടെ അധിനിവേശം ചെയ്ത് അധികാരം പിടിച്ചെടുക്കുകയായിരുന്നു. അതുകൊണ്ടാണ് യൂസുഫ് നബിയുടെ കാലത്തെ ഈജിപ്ഷ്യൻ ഭരണാധികാരിയെ ഖുർആൻ ഫറവോൻ എന്നു പരാമർശിക്കാതെ, രാജാവ് എന്നു മാത്രം പരാമർശിക്കുന്നത്. ബൈബിൾ ഈ രാജാവിനെയും ഫറവോൻ എന്നാണ് വിളിക്കുന്നത്. ഭരണവർഗം അധിനിവേശകരായതുകൊണ്ടാണ് യൂസുഫ് നബിയും ഇസ്രാഈല്യരും അവിടെ അനായാസം സ്വാഗതം ചെയ്യപ്പെട്ടതെന്ന് കരുതപ്പെടുന്നു. കയ്റോവിനും ദിംയാത്തിനും ഇടക്ക് ജൂശൻ(ഗോശേൻ) എന്ന സ്ഥലത്തായിരുന്നു ഇസ്രാഈല്യർ അധിവസിപ്പിക്കപ്പെട്ടത്. കയ്റോവിനു തെക്കുള്ള മൻഫിസ് ആയിരുന്നു അന്ന് ഈജിപ്തിന്റെ തലസ്ഥാനം. തങ്ങളുടെ രക്ഷകനും ദൈവദൂതനുമായ യൂസുഫിന്റെ വംശം എന്ന നിലയിൽ ആദ്യകാലത്ത് ഈജിപ്തുകാർ ഇസ്രാഈല്യർക്ക് വലിയ ആദരവും സ്ഥാനമാനങ്ങളും നൽകിയിരുന്നു. ഈ സാഹചര്യം ഇസ്രാഈല്യർക്ക് ക്ഷേമവും ശക്തിയും അഭിവൃദ്ധിയും നേടാൻ സഹായകമായി. പിന്നീട് അധിനിവേശ ശക്തികളായ ഇടയരാജക്കന്മാരെ പുറത്താക്കി ദേശീയ രാജവംശമായ ഫറവോനികൾ അധികാരം പിടിച്ചെടുത്തു. അതോടെ ഇസ്രാഈല്യരുടെ കഷ്ടകാലവും ആരംഭിച്ചു. ഒടുവിൽ അവർ വെറും അടിമ വർഗമായി തരം താണു. ഈ പരിതസ്ഥിതിയിലാണ് അല്ലാഹു അവരിലേക്ക് മൂസായെ പ്രവാചകനായി നിയോഗിച്ചത്.

തൽമൂദും ബൈബിളും ഖുർആനും പറയുന്ന യൂസുഫ് ചരിത്രങ്ങളിൽ ധാരാളം വ്യത്യാസങ്ങൾ കാണാം. എങ്കിലും കഥയുടെ സാരാംശം മൂന്നിലും ഒന്നുതന്നെയാണ്.

സൂറ യൂനുസിലും ഹൂദിലും പറഞ്ഞ പ്രവാചക കഥകളിൽ നിന്ന് ഭിന്നമാണ് യൂസുഫിന്റെ(അ) ചരിത്രം. ആ പ്രവാചകന്മാരെല്ലാം തുടക്കം മുതലേ നിഷേധിക്കപ്പെടുകയും പരിഹാസത്തിനും പീഡനങ്ങൾക്കും ഇരയാക്കപ്പെടുകയും ചെയ്തവരാണ്. ഒടുവിൽ അല്ലാഹു അവരെയും വിശ്വാസികളായ ന്യൂനപക്ഷത്തെയും രക്ഷിക്കുകയും മർദകരായ സത്യനിഷേധികളെ ഭൂമിയിൽനിന്ന് ഉന്മൂലനം ചെയ്യുകയുമായിരുന്നു. ആ പ്രവാചകന്മാരിൽ വിശ്വസിച്ചവരധികവും അടിച്ചമർത്തപ്പെട്ട പാവങ്ങളായിരുന്നു. യൂസുഫ് നബിയുടെ പ്രബോധനം തുടക്കത്തിലേ ഭരണവർഗത്താൽ സ്വീകരിക്കപ്പെട്ടു. അദ്ദേഹം രാജ്യത്തിന്റെ ആചാര്യനും അധികാരിയുമായി വാഴിക്കപ്പെടുകയും ചെയ്തു. അതിനാൽ അദ്ദേഹത്തിന്റെ പ്രബോധിത സമൂഹം അല്ലാഹുവിനാൽ അനുഗ്രഹിക്കപ്പെടുകയായിരുന്നു. രാജ്യാധികാരം കൈയാളിയ പ്രവാചകന്മാരിൽ പ്രഥമനാണ് യൂസുഫ്(അ). പിന്നീട് പ്രവാചകത്വവും രാജത്വവും ഒരുമിച്ചു ലഭിച്ച ദാവൂദും സുലൈമാനും(അ) ഇസ്രയേൽ വംശജരാണ്.

അതിസുന്ദരമായ കഥ പറയുന്നു نَقُصُّ عَلَيْكَ أَحْسَنَ ٱلْقَصَصِ എന്നൊരു ആ മുഖത്തോടെയാണ് സൂറ, യൂസുഫ് നബിയുടെ കഥയിലേക്ക് പ്രവേശിക്കുന്നത്. സംഭവ പരിണാമങ്ങൾ സരസമായ വാക്കുകളിൽ അവതരിപ്പിക്കുമ്പോഴാണല്ലോ ഒരു കഥ സുന്ദരമാകുന്നത്. ഖുർആനിലെ കഥകളെല്ലാം അത്തരത്തിലുള്ളതാണ്. മനോഹരമായ ശൈലിയിൽ യൂസുഫ് ചരിത്രം അവതരിപ്പിക്കുന്നതിലൂടെ അനുവാചക ഹൃദയങ്ങളിൽ പതിപ്പിക്കണമെന്ന് ഉദ്ദേശിക്കപ്പെട്ട കാര്യങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം. ഒന്ന്, മുഹമ്മദീയ പ്രവാചകത്വത്തിന്റെയും, അന്തിമവിജയം പ്രവാചകന്മാർക്കും അനുയായികൾക്കും മാത്രമായിരിക്കും എന്ന സത്യത്തിന്റെയും സ്ഥിരീകരണം. തനിക്കും തന്റെ ജനതക്കും അജ്ഞാതമായ യൂസുഫ് ചരിത്രം, ഒരു ദൃക്സാക്ഷി വിവരണമെന്നോണം അവതരിപ്പിക്കുന്നതിലൂടെ മുഹമ്മദ് നബി(സ)യുടെ ദിവ്യബോധനവും പ്രവാചകത്വവും സ്ഥിരപ്പെടുന്നു. രണ്ട്, യൂസുഫ് നബിയോട് അദ്ദേഹത്തിന്റെ സഹോദരന്മാർ സ്വീകരിച്ച സമീപനവും മുഹമ്മദ് നബിയോട് ഖുറൈശികൾ സ്വീകരിച്ച സമീപനവും തമ്മിലുള്ള സാദൃശ്യം. യൂസുഫിന്റെ സഹോദരന്മാർ ഒടുവിൽ അദ്ദേഹത്തിന്റെ കരുണക്കുവേണ്ടി യാചിക്കേണ്ടി വന്നപോലെ, ഖുറൈശികൾ മുഹമ്മദ് നബിയുടെ ദയ യാചിക്കേണ്ടി വരുന്ന ഒരവസരം വരും. മൂന്ന്, ഇബ്റാഹീം, ഇസ്ഹാഖ് യഅ്ഖൂബ് എന്നീ പ്രവാചകന്മാരുടെയെല്ലാം ദീൻ ഇസ്ലാം തന്നെ ആയിരുന്നു. നാല്, യഥാർഥ ദൈവവിശ്വാസികളുടെയും ദൈവനിഷേധികളുടെയും കർമ ജീവിതങ്ങൾ തമ്മിലുള്ള ഗുണപരമായ വ്യത്യാസം. അഞ്ച്, അല്ലാഹു ഉദ്ദേശിച്ച കാര്യം അനിവാര്യമായും നിവർത്തിക്കപ്പെടുന്നതാണ്, പ്രത്യക്ഷ സാഹചര്യം എത്ര പ്രതികൂലമായിരുന്നാലും ശരി. യൂസുഫ് നബി ഈജിപ്തിന്റെ ഭരണാധികാരിയും പ്രവാചകനുമാകണമെന്നായിരുന്നു അല്ലാഹുവിന്റെ നിശ്ചയം. ബാല്യത്തിലേ സ്വസഹോദരന്മാരാൽ പരിത്യക്തനും പിന്നെ അടിമയും ദീർഘകാലം കാരാഗൃഹവാസിയും എല്ലാം ആയിട്ടും അല്ലാഹു നിശ്ചയിച്ച സമയമായപ്പോൾ യൂസുഫ് നബിയിൽ ആ നിശ്ചയങ്ങൾ പുലരുകതന്നെ ചെയ്തു. ഇതേപ്രകാരം അല്ലാഹു മുഹമ്മദീയ പ്രവാചകത്വം കൊണ്ട് എന്താണോ ലക്ഷ്യമാക്കിയിട്ടുള്ളത് ഒടുവിൽ അതുതന്നെയാണ് പുലരുക. സഹോദരന്മാരുടെ ശത്രുതയും അടിമത്തവും കാരാഗൃഹവാസവുമെല്ലാം യൂസുഫ് നബിയുടെ വിജയ സോപാനത്തിന്റെ പടികളായിത്തീർന്നതുപോലെ, ഇപ്പോഴത്തെ പ്രതികൂല സാഹചര്യങ്ങളെല്ലാം ഈ പ്രവാചകനും ലക്ഷ്യത്തിലെത്താനുള്ള മാർഗങ്ങളായിരുന്നുവെന്ന് പിന്നീട് വെളിപ്പെടുന്നതാണ്.

ആറ്, അതിനാൽ ഖുറൈശികൾ ചെയ്യേണ്ടത് മുഹമ്മദ് നബിയെ പിന്തുടർന്നുകൊണ്ട് അദ്ദേഹത്തിന്റെ ലക്ഷ്യപ്രാപ്തി എളുപ്പമാക്കുകയാണ്. എങ്കിൽ അദ്ദേഹത്തിന്റെ വിജയത്തിൽ അവർക്കും സാഭിമാനം പങ്കാളികളാകാം. ഇല്ലെങ്കിൽ യൂസുഫിനെ കിണറ്റിലെറിഞ്ഞ സഹോദരന്മാർ ഒടുവിൽ അദ്ദേഹത്തിന്റെ മുമ്പിൽ കരുണക്കുവേണ്ടി കൈനീട്ടിയതുപോലെ ഖുറൈശികൾ കുറ്റബോധത്തോടെ മുഹമ്മദ് നബിയുടെ ദയ യാചിക്കേണ്ടി വരുന്ന ഒരു ദിവസം വരുന്നുണ്ട്. ഏഴ്, പ്രതിയോഗികളുടെ എതിർപ്പുകൾ പ്രബോധകരെ വ്യഥിതരോ നിരാശരോ ആക്കിക്കൂടാ. എന്തൊക്കെയായാലും അന്തിമ വിജയം തങ്ങൾക്കായിരിക്കുമെന്ന വിശ്വാസത്തോടെ അല്ലാഹുവിന്റെ സഹായത്തിലും മാർഗദർശനത്തിലും പ്രതീക്ഷയർപ്പിച്ചുകൊണ്ട് പ്രയാസങ്ങൾ ക്ഷമാപൂർവം തരണം ചെയ്തു മുന്നോട്ടു പോകണം. എല്ലാ പ്രവാചകന്മാരുടെയും ചരിത്രത്തിൽനിന്ന് പഠിക്കാനുള്ള മുഖ്യപാഠങ്ങളിലൊന്നാണിത്. ■